"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജില്ലാ ആസൂത്രണ സമിതി അംഗങ്ങളായ ശ്രീ. കെ. രാജേഷ്, ശ്രീ. എ. സുധാകരൻ, ശ്രീ. എസ്. വി. സുബിൻ എന്നിവരെ ജില്ലാ ആസൂത്രണ സമിതിയുടെ ചുമതലയിൽ നിന്നും ഉടൻ പ്രാബല്യത്തിൽ നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2846/2025/LSGD തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:-

1. സ.ഉ.(അച്ചടി)നം.33/2021/ത.സ്വ.ഭ.വ, തീയതി: 05.08.2021
2. ശ്രീ. കെ. രാജേഷിന്റെ 17.11.2025 - തീയതിയിലെ കത്ത്.
3. കോഴിക്കോട് - ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിയറ്റ് - ന്റെ 17.11.2025 - തീയതിയിലെ 001/2025/DPC/DPO/KKD നമ്പർ കത്ത്.
4. ശ്രീ. എസ് വി. സുബിൻ-ന്റെ 18.11.2025 - തീയതിയിലെ കത്ത്.

1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53(2)(സി) വകുപ്പ് പ്രകാരം ഭരണത്തിലും ആസൂത്രണത്തിലും ഗണ്യമായ പ്രവർത്തന പരിചയമുള്ള ഒരാളെ ഓരോ ജില്ലാ ആസൂത്രണ സമിതിയിലേക്കും സർക്കാർ നാമനിർദേശം ചെയ്യേണ്ടതാണ്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ ആസൂത്രണ സമിതിയിൽ സർക്കാർ നാമനിർദേശം ചെയ്ത അംഗങ്ങളായി ശ്രീ. കെ. രാജേഷ്, കുന്നപ്പള്ളി, പുഞ്ചവയൽ പി.ഒ., മുണ്ടക്കയം (കോട്ടയം ജില്ല), ശ്രീ. എ. സുധാകരൻ (റിട്ട. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി) നന്ദലിനം, കുറുവങ്ങാട് പോസ്റ്റ്, മണക്കുളങ്ങര റോഡ്, കൊയിലാണ്ടി, (കോഴിക്കോട് ജില്ല), ശ്രീ. എസ് വി. സുബിൻ, സ്മിതാഭവൻ, പാലക്കൽത്തകിടി, പി.ഒ.,കുന്നന്താനം, (പത്തനംതിട്ട ജില്ല) എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. പരാമർശം (2), (3), (4) എന്നിവ പ്രകാരം ശ്രീ. കെ. രാജേഷ്, ശ്രീ. എ. സുധാകരൻ, ശ്രീ. എസ് വി. സുബിൻ എന്നിവർ യഥാക്രമം പ്രസ്തുത ചുമതലയിൽ നിന്നും രാജി വെച്ചതായി അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ.രാജേഷ്, ശ്രീ. എ. സുധാകരൻ, ശ്രീ. എസ് വി. സുബിൻ എന്നിവരെ 1994ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 53(2)(സി) വകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ജില്ലാ ആസൂത്രണ സമിതിയുടെ

ച്ചുമതലയിൽ നിന്നും ഉടൻ പ്രാബല്യത്തിൽ നീക്കം ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MUHAMMED NAJEEB T A

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

കോഴിക്കോട്,പത്തനംതിട്ട, കോട്ടയം ജില്ലാ കളക്ടർമാർക്കും/ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ.എം.3/255/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

സെക്ഷൻ ഓഫീസർ

Ajith Kumar K A

Date: 19-11-2025 16:13:33